## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 143 | 03.02.2020-ൽ മറുപടിക്ക് |
|---|---|

### പൊലീസ് സർവ്വകലാശാല

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാഷണൽ യൂണിവേഴ്സിറ്റി ഫോർ പൊലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പൊലീസ് സർവ്വകലാശാല ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) യും (ബി) യും | നാഷണൽ യൂണിവേഴ്സിറ്റി ഫോർ പൊലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പൊലീസ് സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുൻ ഡി.ജി.പി. ശ്രീ. എം.എൻ കൃഷ്ണമൂർത്തി ഐ.പി.എസ്-നെ സ.ഉ.(എം.എസ്)നം.190/15/ആഭ്യന്തരം തീയതി 04.09.2015 പ്രകാരം നോഡൽ ഓഫീസറായി നിയമിച്ചിരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതിന് തുടക്കം കുറിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | | |
| (സി) | ഇത്തരം ഒരു പൊലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (സി) | പോലീസ് സയൻസ്, ക്രൈം പ്രിവൻഷൻ ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, ഇന്റർ നാഷണൽ ആന്റ് റീജിയണൽ കോ-ഓപ്പറേഷൻ ഇൻ ക്രൈം ആന്റ് സെക്യൂരിറ്റി മാനേജ്മെന്റ്, പബ്ലിക് സേഫ്റ്റി ആന്റ് പബ്ലിക് പാർട്ടിസിപ്പേഷൻ ഇൻ സെക്യൂരിറ്റി അഫയേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ലോക നിലവാരത്തിലുള്ള ഒരു സർവ്വകലാശാല സ്ഥാപിച്ച് പോലീസ് സയൻസിലും, ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയാണ് പോലീസ് സർവ്വകലാശാലയുടെ ലക്ഷ്യം.<br>ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ വ്യത്യസ്ത പോസ്റ്റ് ഗ്രാജ്വേറ്റ് തലങ്ങളിൽ പഠന കോഴ്സുകളും, സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവേഷണം തുടങ്ങിയവയും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു ദേശീയ യൂണിവേഴ്സിറ്റി ആയിരിക്കും. വിദ്യാർത്ഥികൾക്ക് സർവ്വകലാശാല അദ്ധ്യാപനം, ഗവേഷണം, പരിശീലനം എന്നിവ മാത്രമല്ല പോളിസി ആസൂത്രണം, പോളിസി ഇവാല്യുവേഷൻ പ്രോഗ്രാം വികസനം, സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (ഡി) | ആസ്ഥാനം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ